# സ്കൂൾ പത്രം

# GUPS PAPPINISSERI WEST

Date of publication : 2021 -2022




നബാഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിൻെറ ഉദ്ഘാടനം ശ്രീമതി സുശീല (പഞ്ചായത്ത് പ്രസിഡൻറ്) അധ്യക്ഷതയിൽ അഴീക്കോട് മണ്ഡലം എംഎൽഎ ശ്രീ കെ.വി സുമേഷ് നിർവഹിച്ചു.

## കെട്ടിടത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു

നബാഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിൻെറ ഉദ്ഘാടനം ശ്രീമതി സുശീല (പഞ്ചായത്ത് പ്രസിഡൻറ്) അധ്യക്ഷതയിൽ അഴീക്കോട് മണ്ഡലം എംഎൽഎ ശ്രീ കെ.വി സുമേഷ് നിർവഹിച്ചു.

ശ്രീമതി പോള പ്രസന്ന( വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ), വാർഡ് മെമ്പർ രജനി ടി, ശ്രീ കെ നാരായണൻ, ശ്രീ പി പവിത്രൻ, ശ്രീ ഓ കെ മൊയ്തീൻ, മുൻ എച്ച് എം അനിത ടീച്ചർ, മുൻ അധ്യാപിക ശ്രീമതി ശൈലജ ടീച്ചർ, എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സ്റ്റാഫിൻെറ വക പായസ വിതരണവും നടന്നു



# പ്രവേശനോത്സവം 2021-22

പുത്തൻ പ്രതീക്ഷകളും കുറുമ്പുകളും കളിചിരികളും ആയി കുരുന്നുകൾ വിദ്യാലയ മുറ്റത്തെത്തി. കോവിഡ് പരത്തിയ ആശങ്കകൾക്കിടയിലും എല്ലാ കോവിഡ മാനദണ്ഡങ്ങളും പാലിച്ച് കുഞ്ഞു കൂട്ടുകാരെ വരവേൽക്കാൻ വിപുലമായ രീതിയിൽ തന്നെ പ്രവേശനോത്സവം സംഘടിപ്പിച്ചു.പുത്തൻ പ്രതീക്ഷകളും കുറുമ്പുകളും കളിചിരികളും ആയി കുരുന്നുകൾ വിദ്യാലയ മുറ്റത്തെത്തി. കോവിഡ് പരത്തിയ ആശങ്കകൾക്കിടയിലും എല്ലാ കോവിഡ മാനദണ്ഡങ്ങളും പാലിച്ച് കുഞ്ഞു കൂട്ടുകാരെ വരവേൽക്കാൻ വിപുലമായ രീതിയിൽ തന്നെ പ്രവേശനോത്സവം സംഘടിപ്പിച്ചു.



മനോഹരമായി ഒരുക്കിയ സ്കൂൾ അങ്കണത്തിൽ സാമൂഹിക അകലം പാലിച്ച് തന്നെ പരിപാടികൾ നടത്തി.
പ്രവേശനോത്സവ പരിപാടി സ്വാഗതം ചെയ്തത് ബഹുമാനപ്പെട്ട H Mശ്രീ ജയപ്രകാശൻ ആണ്.
പരിപാടിയിൽ അധ്യക്ഷത വഹിച്ചത് ശ്രീമതി രജനി (വാർഡ് മെമ്പർ)
മനോഹരമായി ഒരുക്കിയ സ്കൂൾ അങ്കണത്തിൽ സാമൂഹിക അകലം പാലിച്ച് തന്നെ പരിപാടികൾ നടത്തി.



പരിപാടി ഉദ്ഘാടനം ചെയ്തത് പ്രമോദ് ടി.കെ പാപ്പിനിശ്ശേരി പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ )
പരിപാടിക്ക് ആശംസ അർപ്പിച്ചത് - ശ്രീ കുഞ്ഞിമൊയ്തീൻ ശ്രീമതി ശൈലജ ടീച്ചർ മഞ്ജുള ടീച്ചർ എന്നിവരാണ്.
നന്ദി പ്രകാശനം -രമിത ടീച്ചർ SRG കൺവീനർ.



# ഇൻസ്പയർ അവാർഡ് USS LSS തിളക്കത്തിൽ GUPS

പുത്തൻ പ്രതീക്ഷകളും കുറുമ്പുകളും കളിചിരികളും ആയി കുരുന്നുകൾ വിദ്യാലയ മുറ്റത്തെത്തി. കോവിഡ് പരത്തിയ ആശങ്കകൾക്കിടയിലും എല്ലാ കോവിഡ മാനദണ്ഡങ്ങളും പാലിച്ച് കുഞ്ഞു കൂട്ടുകാരെ വരവേൽക്കാൻ വിപുലമായ രീതിയിൽ തന്നെ പ്രവേശനോത്സവം സംഘടിപ്പിച്ചു.പുത്തൻ പ്രതീക്ഷകളും കുറുമ്പുകളും കളിചിരികളും ആയി കുരുന്നുകൾ വിദ്യാലയ മുറ്റത്തെത്തി. കോവിഡ് പരത്തിയ ആശങ്കകൾക്കിടയിലും എല്ലാ കോവിഡ മാനദണ്ഡങ്ങളും പാലിച്ച് കുഞ്ഞു കൂട്ടുകാരെ വരവേൽക്കാൻ വിപുലമായ രീതിയിൽ തന്നെ പ്രവേശനോത്സവം സംഘടിപ്പിച്ചു.




- 2021-22 വർഷത്തെ inspire award ന് സ്കൂളിലെ രണ്ടു കുട്ടികൾ അർഹരായി. വൈഗ പവിത്രൻ, അനയ് കൃഷ്ണ എന്നീ കുട്ടികളാണ് ഈ ഉജ്ജ്വലമായ ഈ നേട്ടം കൈവരിച്ചത്.




ആവണി പി വി ,സജ്‌വ ഉനൈസ് എന്നീ കുട്ടികൾ ആണ് LSS നേടിയത് .ആദിഷ്നാരായണൻ എന്ന കുട്ടിക്കാണ് USS ലഭിച്ചത് .



# അതിജീവനം-ക്യാമ്പ് സംഘടിപ്പിച്ചു



- കോവിഡ് കാലത്തെ സ്കൂളിലെത്തുന്ന കുട്ടികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുവാൻ സ്കൂളുകളിൽ ആരംഭിച്ച അതിജീവനം പദ്ധതിയുടെ ഭാഗമായിനമ്മുടെ സ്കൂളിലും DEC.20 2020 വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. പരിപാടി നയിച്ചത് നമ്മുടെ സ്കൂളിലെ രാജേഷ് മാഷാണ്. കളികളിലൂടെയും കഥകളിലൂടെയും വരകളിലൂടെ യും മറ്റ് പ്രവർത്തനങ്ങളിലൂടെയും കുട്ടികളെ രസിപ്പിച്ച പരിപാടി മികച്ച നിലവാരം പുലർത്തി.

# ദേശീയ ശാസ്ത്ര ദിനം -ശാസ്ത്ര പരീക്ഷണങ്ങളുടെ പ്രദർശനം

ഫെബ്രുവരി 28 ന് ശാസ്ത്ര ദിനം സമുചിതമായി സംഘടിപ്പിച്ചു. രാവിലെ നടന്ന അസംബ്ലിയിൽ ബഹു. ഹെഡ്മാസ്റ്റർ ജയപ്രകാശൻ മാഷ് ശാസ്ത്ര ദിനത്തെ കുറിച്ച് കുട്ടികൾക്ക് ആമുഖം നൽകി. ആറാം തരത്തിലെ മയൂഖ ശാസ്ത്ര ദിന പ്രസംഗം അവതരിപ്പിച്ചു.തുടർന്ന് അർജുൻ സുരേഷ്, അഭിരാം, മാഹീൻ അബൂബക്കർ ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിച്ചു.

ഉച്ചക്ക് ശേഷം LP ക്ലാസുകളിലെ കുട്ടികൾക്കായി up തലത്തിലെ കുട്ടികൾ ശാസ്ത്ര പരീക്ഷണ പ്രദർശനം സംഘടിപ്പിച്ചു.

